ഉത്തരം

(എ) ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) 1.1.1993 മുതൽ 31.7.1994 വരെ ഹൗസിംഗ് ബോർഡിൽ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സേവനമനുഷ്ഠിച്ചിരുന്ന വികലാംഗരെ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അനുവാദം ലഭിച്ചതിനുശേഷം, സ്ഥിര നിയമനം നൽകുവാൻ 26.8.1997-ൽ കൂടിയ ബോർഡുയോഗം തീരുമാനിക്കുകയും, പി.എസ്.സിയുടെ അനുമതി തേടിയതിൽ അവർ വിസമ്മതം അറിയിക്കുകയും, ഒഴിവുകൾ പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരിക്കുകയാണ്.

170 (1388) പഞ്ചായത്തുകൾ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിലയ്ക്കു വാങ്ങുന്ന ഭൂമി

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടിയോടനുബന്ധിച്ച് ത്രിതല പഞ്ചായത്തുകൾ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിലയ്ക്കുവാങ്ങുന്ന ഭൂമിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടതുണ്ടോ;

(ബി) വിശദാംശം വ്യക്തമാക്കുമോ;

(സി) ഒടുക്കേണ്ടതുണ്ടെങ്കിൽ ഇത് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) നിലവിലുള്ള കേരള മുദ്രപ്പത്ര നിയമമനുസരിച്ച് ഒടുക്കേണ്ടതുണ്ട്.

(സി) നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

171 (1389) സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർ സൗകര്യം

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സബ്രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) സബ്രജിസ്ട്രാർ ഓഫീസുകളിൽ റിക്കാർഡുകൾ സൂക്ഷിക്കുന്നതിന് മതിയായ സൗകര്യം ഇപ്പോൾ ഇല്ലായെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പഴയ റിക്കാർഡുകൾ ആവശ്യപ്പെട്ടാൽ എത്ര സമയത്തിനുള്ളിൽ അത് അപേക്ഷകന് നൽകാനുള്ള സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെരഞ്ഞെടുത്ത ചില സബ്‌രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയ വിദഗ്ദ്ധ സമിതി ചില ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. അവ പരിശോധനയിലാണ്.

(ഡി) രജിസ്ട്രേഷൻ മാന്വൽ അനുസരിച്ച് ആധാരപകർപ്പിനുള്ള അപേക്ഷ ലഭിച്ചാൽ ഏഴ് ദിവസത്തിനുള്ളിലും, മുൻഗണനാഫീസ് അടച്ച് അപേക്ഷിച്ചാൽ മുൻഗണന നൽകിയും പകർപ്പുകൾ നൽകാൻ വ്യവസ്ഥയുണ്ട്.

172 (1390) ക്രൈസ്തവ സമുദായങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ പിന്തുടർച്ച (കേരള ഭേദഗതി) ആക്ട് 1996, നിലവിൽ വന്നിട്ടും നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുവാൻ രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റും മറ്റു ബന്ധപ്പെട്ട വകുപ്പുകളും തയ്യാറാകാത്തതുമൂലം സംസ്ഥാനത്തെ ക്രൈസ്തവ സമുദായങ്ങൾ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആനുകൂല്യം ക്രൈസ്തവ സമുദായങ്ങൾക്ക് നിഷേധിക്കപ്പെടാതെ ഭേദഗതി നിയമം കർശനമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

ഉത്തരം

(എ)&(ബി) ക്രൈസ്തവർ നിർമ്മിക്കുന്ന വിൽപത്രങ്ങൾ പ്രൊബേറ്റ് ചെയ്യണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് ഉള്ള ആക്ട് (കേരള) 14.3.97-ൽ നിലവിൽ വരികയും ആയത് അടിയന്തിരമായി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശം ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന് നൽകിയിട്ടുണ്ട്.

173 (1391) ഗ്രന്ഥശാലാ സംഘം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രന്ഥശാലാ സംഘം (ലൈബ്രറി കൗൺസിൽ) വിവിധ നിലവാരത്തിലുള്ള കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly